തിങ്ങിപ്പാർക്കുന്നിടത്ത് കൂടുതൽ ജീവിത സ്വകര്യങ്ങൾ ഏർപ്പെടുത്തുക എന്നീ നിർമ്മാണ ജോലികളാണ് പൊതുമരാമത്ത് വകുപ്പ് ഹരിജന ക്ഷേമത്തിനുവേണ്ടി ഏറെറടുത്ത് നടത്തി വരുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

359 [683] ശ്രീ. സി.എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983 ഒക്ടോബറിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച പബ്ലിക് വർക്ക് ഡിപ്പാർട്ടുമെന്റ് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ പബ്ലിക്വർക്ക് ഡിപ്പാർട്ടുമെന്റിൽ നിയമിച്ചു;

(ബി) ഇപ്പോഴും പബ്ലിക്വർക്സ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഈ ഒഴിവുകൾ ഉടനെ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരുനൂറ്റിമുപ്പത്തിയേഴ് (237) പേരെ ഇതുവരെ നിയമിച്ചു.

(ബി) ഇപ്പോൾ പബ്ലിക്വർക്സ് ഡിപ്പാർട്ടുമെന്റിൽ നേരിട്ടുള്ള നിയമനംവഴി നികത്താൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

360 [686] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളായ പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം (വഴി) പരപ്പ് റോഡിന്റേയും പഴഞ്ഞി പാവുട്ടപുറം (വഴി) പെരുന്തുരുത്തി റോഡിന്റേയും പണിയുടെ പുരോഗതി ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ. റോഡുകളായ പെരുമ്പിലാവ്—കടങ്ങോട് (വഴി) പരപ്പ് പഴഞ്ഞി പാവുട്ടപുറം (വഴി) പെരുന്തുരുത്തിയും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഏറെറടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പെരുമ്പിലാവ് കടങ്ങോട് റോഡ് പണിക്ക് കരാറുകാരനുമായി എഗ്രിമെന്റ് വച്ചുകഴിഞ്ഞു. പഴഞ്ഞി പാവുട്ടപുറം റോഡ് പണിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറായി വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly